നമ്പർ.സി5/31562/2009/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം., തീയതി.14/08/2012.

സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കുന്നതും പ്രൊപ്പോസൽ കാലതാമസം ഒഴിവാക്കുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

സൂചന : ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത് തീയതി.26/07/2011.

ജൂനിയർ സൂപ്രണ്ടുമാരുടെ നിരീക്ഷണകാലം പൂർത്തിയാക്കുന്നതിലേക്കുള്ള (രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷത്തെ യഥാർത്ഥ ഡ്യൂട്ടി) കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായി ഇനി മുതൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായുള്ള അപേക്ഷ/പ്രൊപ്പോസലിനൊപ്പം പ്രൊബേഷൻ കാലയളവിൽ ജീവനക്കാരൻ സേവനമനുഷ്ഠിച്ചിരുന്ന ഓഫീസുകളിലെ ഓഫീസ് മേധാവി നൽകുന്ന 'വർക്ക് ആന്റ് കോണ്ടക്ട്' സർട്ടിഫിക്കേറ്റ് നിർബന്ധമായും പ്രത്യേകമായി വാങ്ങി സമർപ്പിക്കേണ്ടതാണ്. എന്നാൽ *പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായുള്ള പ്രൊപ്പോസൽ/അപേക്ഷയോടൊപ്പം പ്രൊബേഷണറുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കണമെന്നില്ല.*

ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരിൽ പ്രൊബേഷൻ കാലാവധി കഴിഞ്ഞ ശേഷവും നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചിട്ടില്ലാത്ത ജീവനക്കാർ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനായുള്ള അപേക്ഷ/പ്രൊപ്പോസലിനോടൊപ്പം 'വർക്ക് ആന്റ് കോണ്ടക്ട്' സർട്ടിഫിക്കേറ്റ് സഹിതം കാലതാമസം കൂടാതെ സമർപ്പിക്കേണ്ടതാണ്. *ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർ യഥാസമയം പ്രൊബേഷൻ പൂർത്തീകരിക്കാതിരുന്നാൽ K.S.R. Rule 37B(b)(i)(ii) പ്രകാരം മാത്രമേ വാർഷിക ഇൻക്രിമെന്റിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന വിവരം കൂടി എല്ലാ ഓഫീസ് മേധാവികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.*

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

16/8/12

പകർപ്പ് :

1. പരീക്ഷാകമ്മീഷണർ, തിരുവനന്തപുരം.
2. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എല്ലാ സൂപ്രണ്ടുമാർക്കും